**79 (1439) പോലീസ് വകുപ്പിലെ പ്രൊമോഷൻ/അപ്ഗ്രഡേഷൻ**

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ. (എം.എസ്) 361/98 ഹോം തീയതി 28.11.98 പ്രകാരം കേരള പോലീസിലെ 130 ആംഡ് റിസർവ് ഹെഡ്കോൺസ്റ്റബിൾമാരെ എ. ആർ.എ.എസ്.ഐ. ആയി അപ്ഗ്രേഡ് ചെയ്തതിൽ ഏതെങ്കിലും ജില്ലയിൽ/ റേഞ്ചിൽ പ്രമോഷൻ/അപ്ഗ്രേഡേഷൻ നടത്തുവാൻ ഉണ്ടോ;

(ബി) എങ്കിൽ ഈ പോലീസ് ഹെഡ്കോൺസ്റ്റബിൾമാർക്ക് സാമ്പത്തികമായും സീനിയോറിറ്റിയുടെ കാര്യത്തിലും പ്രശ്നമുണ്ടാക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപ്ഗ്രേഡേഷൻ/പ്രൊമോഷൻ നടത്താത്ത പോലീസ് റേഞ്ചുകളിൽ പ്രൊമോഷൻ എന്ന് നടത്തുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ റേഞ്ചിൽ 32 ഒഴിവുകൾ നികത്തുവാനുണ്ട്.

(ബി) ഇതിനകം 18 വർഷത്തെ ഗ്രേഡ് ലഭിക്കാത്ത എ.പ്പ്.സി.മാർക്ക് സാമ്പത്തിക നഷ്ടം വരുന്നതാണ് സീനിയോറിറ്റിയുടെ കാര്യത്തിൽ പ്രൊമോഷൻ റഗുലറൈസ് ചെയ്യുന്ന സമയം യഥാർത്ഥ സ്ഥാനം കൊടുക്കുന്നതിനാൽ നഷ്ടം സംഭവിക്കുന്നില്ല.

(സി) കണ്ണൂർ റേഞ്ചിലെ എ.എസ്.ഐ മാരുടെ 32 ഒഴിവുകളിലേക്ക് പ്രൊമോഷൻ നടത്തുന്നതിനായി 19.6.99-ൽ ഡി.പി.ബി ചേരുകയും ആയതിന്റെ നടപടിക്രമം പൂർത്തിയാവുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുന്നതുമാണ്.

**80 (1440) മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ജോലികൾ നിർവഹിക്കുന്ന പോലീസുകാർ**

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ വിവിധ തലങ്ങളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ജോലികൾ നിർവഹിക്കുന്ന എത്ര പോലീസുകാരാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സ്ഥാനത്ത് പോലീസ് കോൺസ്റ്റബിൾമാരെ നിയമിക്കുവാനുള്ള കാരണം വിശദമാക്കാമോ;

(സി) പി.എസ്.സി. തയ്യാറാക്കുന്ന മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ ഇത്തരത്തിൽ പോലീസ് കോൺസ്റ്റബിൾമാരെക്കൊണ്ട് ജോലി ചെയ്യിക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി)&(സി) മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ജോലികൾ നിർവഹിക്കുന്നതിന് പോലീസ് കോൺസ്റ്റബിൾമാരെ നിയോഗിക്കാറില്ല. എന്നാൽ ചില അടിയന്തിര ഘട്ടങ്ങളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ സഹായിക്കാനായി

LIBRARY ARCHIVES Kerala Legislative Assembly

താൽക്കാലികമായി പോലീസ് കോൺസ്റ്റബിൾമാരുടെ സേവനം പ്രയോജന പ്പെടുത്താറുണ്ട്.

**81 (1441) വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയിലെ നിയമന രീതി**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ നിയമന രീതി വിശദമാക്കുമോ;

(ബി) ഉയർന്ന ഉദ്യോഗസ്ഥരെ ഈ വിഭാഗത്തിൽ നിയമിക്കുന്നതിന് മുമ്പ് അവരുടെ സ്വഭാവവും പ്രവർത്തനത്തിലെ നിഷ്പക്ഷതയും മുൻസേവന ചരിത്രവും പരിശോധിക്കാറുണ്ടോ;

(സി) എങ്കിൽ പോലീസ് സൂപ്രണ്ടുമുതൽ മുകളിലേക്കുള്ള ഉദ്യോഗ സ്ഥരുടെ സ്ക്രീനിംഗ് നടത്തുന്നത് ഏതു ഏജൻസിയാണെന്ന് വെളിപ്പെടു ത്തുമോ;

(ഡി) വിജിലൻസ് കേസ്സിൽ പ്രതിയായിട്ടുള്ളവരോ അന്വേഷണം നേരിടുന്നവരോ ആയ ഉദ്യോഗസ്ഥരെ ഈ ബ്യൂറോയിൽ നിയമിക്കാറുണ്ടോ;

(ഇ) വിജിലൻസ് കേസ്സിൽ പ്രതിയായിട്ടുള്ളവരോ അന്വേഷണവി ധേയരായിട്ടുള്ളവരോ, അന്വേഷണം നേരിടുന്നവരോ ആയ പോലീസ് സൂപ്രണ്ട് മുതൽ മുകളിലേക്കുള്ള എത്ര ഉദ്യോഗസ്ഥർ ഇപ്പോൾ ഈ ബ്യൂറോ യിൽ ജോലി നോക്കുന്നുണ്ടോ;

(എഫ്) അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ജി) അങ്ങനെയുള്ളവർ ആരെങ്കിലും ഏതെങ്കിലും വിജിലൻസ് എൻക്വയറിയോ ട്രാപ്പ് കേസ്സുകളുടെ അന്വേഷണത്തിനോ രഹസ്യാന്വേഷണ ത്തിനോ നേതൃത്വം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെ ടുത്തുമോ?

ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയിലെ എക്സി ക്യൂട്ടീവ് ഉദ്യോഗസ്ഥരെ പോലീസ് വകുപ്പിൽനിന്നും മാറ്റം നൽകി നിയമിക്കു കയാണ് ചെയ്യുന്നത്. ഇതിനായി യോഗ്യതയുള്ളവരുടെ പാനൽ വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ തയ്യാറാക്കി പോലീസ് ആസ്ഥാനത്തേക്കും സർക്കാരിലേക്കും അപേക്ഷിക്കുകയും അതനുസരിച്ച് നിയമനം നടത്തുകയു മാണ് ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) പോലീസ് സൂപ്രണ്ട് മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥരുടെ സ്ക്രീനിംഗ് നടത്തുന്നത് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ തന്നെ യാണ്. മറ്റു ഏജൻസികളെ ഇക്കാര്യം ചുമതലപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly